(സി) ഒഴിവുകൾ നികത്താത്തതുമൂലം ജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ഒഴിവുകൾ നികത്തി ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഒഴിവുകൾ സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു:

സെക്ഷൻ/തസ്തിക	ചങ്ങനാശ്ശേരി	തൃക്കൊടിത്താനം	തെങ്ങണ	കുറിച്ചി
അസിസ്റ്റന്റ് എഞ്ചിനീയർ	1	ഇല്ല	ഇല്ല	1
ഓവർസിയർ	4	1	1	ഇല്ല
ലൈൻമാൻ	ഇല്ല	ഇല്ല	1	1
വർക്കർ	ഇല്ല	ഇല്ല	ഇല്ല	ഇല്ല

(സി) ഇല്ല

(ഡി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.എസ്.ഇ.ബി.-യുടെ പ്രവർത്തനം

19 (404) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ജീവനക്കാരുടെ കുറവ് ഇതിന്റെ പ്രവർത്തനത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെ.എസ്.ഇ.ബി. ഇലക്ട്രിക് വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡപ്യൂട്ടി ചീഫ് എഞ്ചിനീയർ, തസ്തികകളിലായി എത്ര ഒഴിവുകളുണ്ടെന്നും അർഹതപ്പെട്ട എല്ലാവർക്കും സ്ഥാനക്കയറ്റം നൽകിയാൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ പി.എസ്.സി. വഴി നിയമനം നടത്താൻ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടാകുമെന്നും അറിയിക്കുമോ; പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇലക്ട്രിക് വിഭാഗത്തിൽ ഓവർസിയർ, ലൈൻമാൻ, മസ്ദൂർ തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്നും മസ്ദൂർ തസ്തികളിലെ ഒഴിവുകൾ ജില്ല അടിസ്ഥാനത്തിൽ എത്ര വീതമെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അസിസ്റ്റന്റ് എഞ്ചിനീയർ എല്ലാ ക്വാട്ടകളിലുമായി 283 ഒഴിവുകളുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ തസ്തികകളിൽ ഒഴിവുകൾ ഇല്ല. പി.എസ്.സി. വഴി അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നിയമനം നടത്താനുള്ള ഒഴിവുകൾ താഴെപ്പറയുംപ്രകാരമാണ്.

40% പി.എസ്.സി. ക്വാട്ട	79 ഒഴിവ്
10% ഇൻസർവ്വീസ് ക്വാട്ട	71 ഒഴിവ്

അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ

40% പി.എസ്.സി. ക്വാട്ട -	കോടതിനിർദ്ദേശപ്രകാരം നിബന്ധനകളോടെ 394 ഒഴിവുകൾ റിപ്പോർട്ട് ചെയ്തു.
10% ഇൻസർവ്വീസ് ക്വാട്ട -	71 ഒഴിവുകൾ റിപ്പോർട്ട് ചെയ്തു.

(ഡി)

ഓവർസിയർ	ഒഴിവില്ല
ലൈൻമാൻ	378 ഒഴിവുകൾ

മസ്ദൂർ ഒഴിവുകൾ ജില്ലാടിസ്ഥാനത്തിൽ

തൃശ്ശൂർ	11
പാലക്കാട്	1
കണ്ണൂർ	2
കാസർഗോഡ്	7

മറ്റ് ജില്ലകളിൽ മസ്ദൂർ തസ്തിക ഒഴിവില്ല.

LIBRARY ARCHIVES Kerala Legislative Assembly